(സി) ഈ ഭാഗത്ത് വാഹനങ്ങൾ സൂക്ഷിച്ചും ശ്രദ്ധിച്ചും ഓടിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) സീബ്രാ ലൈൻ ഉള്ള സ്ഥലങ്ങളിൽ പോലീസുകാരെ നിയോഗിച്ച് വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

അഗ്നിക്കിരയാവുന്ന വീട്ടുടമയ്ക്കുള്ള ധനസഹായം

1470. [2211] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിക്കിരയാവുന്ന വീടുകളുടെ ഉടമകൾക്ക് ഗവൺമെൻറ് സഹായധനം കൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ തോതെന്താണ് ;

(സി) ഈ സഹായധനം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക സ്ഥിതിക്കനുസരിച്ചും നഷ്ടത്തിൻെറ വ്യാപ്തിയനുസരിച്ചും 10% മുതൽ 15% വരെ സഹായധനം നൽകുന്നുണ്ട്. നിയമാനുസൃതം പരമാവധി നൽകാവുന്ന തുക ആയിരം രൂപയാണ്.

(സി) തൽക്കാലം ഉദ്ദേശമില്ല.

വോട്ടർ പട്ടിക

1471. [2212] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയുടെ അച്ചടി എവിടെയാണ് ഏൽപ്പിച്ചിട്ടുള്ളത്, അതിൻെറ ചെലവു എന്തുവരും ;

(ബി) കഴിഞ്ഞ തവണ വോട്ടർ പട്ടികയുടെ അച്ചടി എവിടെ ആയിരുന്നു നിർവ്വഹിച്ചതെന്നും അതിൻെറ ഒരു പേജ് അച്ചടിക്കുന്നതിനുവേണ്ടി വന്ന ചെലവ് എത്രയെന്നും പറയാമോ ;

(സി) ഇത് ഗവൺമെൻറ് പ്രസ്സുകളിൽ അച്ചടിപ്പിക്കുന്നതിന് ഒരു പേജിന് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷം പ്രൈവറ്റ് പ്രസ്സുകളിൽ വോട്ടർ പട്ടികയുടെ ഒരു പേജ് അച്ചടിക്കുന്നതിന് എന്തു നിരക്കാണ് അവർ ആവശ്യപ്പെട്ടിരുന്നത് ;

(ഇ) ഇതു സംബന്ധിച്ച് പ്രിൻേറഴ്സ് ആൻറ് പബ്ലിഷേഴ്സ് അസോസിയേഷനിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയുടെ അച്ചടി പ്രൈവറ്റ് പ്രസ്സുകളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിൻെറ ആകെ ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ തവണ വോട്ടർ പട്ടികയുടെ അച്ചടി പ്രൈവറ്റ് പ്രസ്സുകളിലാണ് നിർവ്വഹിച്ചത്. അതിന്റെ ഒരു പേജ് അച്ചടിക്കുന്നതിനുള്ള ചെലവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 52 രൂപ 50 പൈസ.

(ഡി) ഒരു പേജ് 10 പോയിന്റ് 35 രൂപ. ഒരു പേജ് 12 പോയിന്റ് 30 രൂപ.

(ഇ) ഉണ്ട്.

(എഫ്) വോട്ടർ പട്ടിക അച്ചടിക്കുന്നതിന് ഒരു പേജിന് (10 പോയിന്റ്) 35 രൂപയും, (12 പോയിന്റ്) 30 രൂപയും, പ്രൂഫ് റീഡിംഗിന് 1 പേജിന് 4 രൂപയും, കൂടാതെ 50% തുക അഡ്വാൻസും നൽകണമെന്നതാണ് ആവശ്യം.

അനുബന്ധം

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1472 (2212) കാണുക]

			നിലവിലുള്ള നിരക്ക് രൂപ	സ.
1.	10 പോയിന്റ് മലയാളം × തമിഴ്	2 col. (43 × 62 em) 148 വരികൾ	18	25
2.	12 പോയിന്റ് ,,	2 ,, (120 വരികൾ)	17	00
3.	14 പോയിന്റ് ,,	(104 വരികൾ)	15	95
4.	12 പോയിന്റ് ഇംഗ്ലീഷ്		15	00

മുണ്ടശ്ശേരി സ്മാരക ആഡിറ്റോറിയം

1473. [2213] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിലുള്ള ജോസഫ് മുണ്ടശ്ശേരി സ്മാരക ആഡിറ്റോറിയത്തിനോടനുബന്ധിച്ച സ്ഥലം ടെലിഗ്രാഫ് ആഫീസ് പ്രവർത്തിക്കാൻ വാടകയ്ക്ക് കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) മുണ്ടശ്ശേരി മാസ്റ്റർ ഉപയോഗിച്ചിരുന്ന സ്വകാര്യ വസ്തുക്കൾ സൂക്ഷിക്കാൻ സ്ഥലമില്ലാതിരിക്കുമ്പോഴാണ് ഈ സ്ഥലം വാടകയ്ക്ക് കൊടുത്തതെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഗവൺമെന്റിൽ നിന്ന് മുണ്ടശ്ശേരിയുടെ പേരിലുള്ള അവാർഡ് തുക നൽകാനും വാടകക്കാരെ ഒഴിവാക്കാനും നടപടികൾ എടുക്കുമോ ?

ഉത്തരം

(എ,ബി, സി, ഡി) തൃശ്ശൂരിലുള്ള ജോസഫ് മുണ്ടശ്ശേരി സ്മാരകം സർക്കാർ നിയന്ത്രണത്തിലുള്ളതല്ല. അത് ഒരു സ്വകാര്യ സമിതി നടത്തുന്ന സ്മാരകമാണ്. ആ സമിതിയുടെ നടപടികളിൽ ഇടപെടുവാൻ സർക്കാർ ആഗ്രഹിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സംവരണതത്വം

1474. [2214] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly